AMUPS
Koolimuttam
Est
1920

*Knowledge is power*




# അക്കാദമിക് മാസ്റ്റർ പ്ലാൻ


എ.എം.എൽ.പി & യു.പി.എസ് കൂളിമുട്ടം

പി.ഒ.കൂളിമുട്ടം - 680691

ഫോൺ : 9995 444 030

E-mail : amupkooli@gmail.com

# വിഷയ സൂചിക


| | |
|---|---|
| ആമുഖം | 2 |
| ലക്ഷ്യങ്ങൾ | 3 |
| വിദ്യാലയചരിത്രം | 4 |
| അക്കാദമിക പ്രശ്നങ്ങൾ | 5 |
| പ്രശ്നവിശകലനം മാതൃഭാഷ ഇതരഭാഷ | 6 - 16 |
| ഭാഷാപഠനം ഇംഗ്ലീഷ് | 17 |
| ഗണിതശാസ്ത്രപഠനം | 18 |
| സാമൂഹികശാസ്ത്രപഠനം | 19 |
| ശാസ്ത്രപഠനം | 20 |
| ജൈവവൈവിധ്യം | 21 |
| തളിർ കൃഷി | 22 |
| ടാലന്റ് ലാബ് | 23 |
| ക്ലാസ്സ് ലൈബ്രറി | 24 |
| സ്മാർട്ട് ക്ലാസ്സ് റൂം | 25 |
| ഐടി ലാബ് | 26 |
| സി.പി.ടി.എ | 27 |
| കോർണർ പി.ടി.എ & പി.ഇ.സി | 28 |
| മോണിറ്ററിംഗ് | 29 |
| ഉപസംഹാരം | 30 |

# എ എം യു പി എസ് കുളിമുട്ടം

## അക്കാദമിക് മാസ്റ്റർ പ്ലാൻ

ആമുഖം :-

കേരള സർക്കാർ നടപ്പിലാക്കി കൊണ്ടിരിക്കുന്ന പൊതുവിദ്യാഭ്യാസ സംരക്ഷണയജ്ഞത്തിന്റെ ഭാഗമായി സംസ്ഥാനത്തെ മുഴുവൻ വിദ്യാലയങ്ങളും മികവിന്റെ പാതയിലായി കഴിഞ്ഞു. ഭൗതികമായി ഞങ്ങളുടെ വിദ്യാലയം കേരളത്തിലെ തന്നെ നമ്പർവൺ വിദ്യാലയങ്ങളുടെ കൂട്ടത്തിൽ ഇടം പിടിച്ചു കഴിഞ്ഞു. അക്കാദമികമായും വിദ്യാലയം വളരെയേറെ മുന്നോട്ടു പോയി കഴിഞ്ഞു. അതിന് ഉത്തമ ഉദാഹരണമാണ് കഴിഞ്ഞവർഷം വാരിക്കൂട്ടിയ സ്കോളർഷിപ്പുകൾ. ഉന്നത നിലവാരത്തിൽ എത്തിക്കുന്നതിനായി ദീർഘകാല കാഴ്ചപ്പാടോടുകൂടി പദ്ധതി തയ്യാറാക്കുവാൻ തീരുമാനിച്ചു. അതിനായി പിടിഎ, എം പി ടി എ, വിദ്യാലയ വികസനസമിതി, പൂർവ്വ വിദ്യാർത്ഥികൾ പൂർവ്വഅധ്യാപകർ, വിദ്യാഭ്യാസപ്രവർത്തകർ, ക്ലബ്ഭാരവാഹികൾ എന്നിവരുമായി ആലോചിച്ച തിനുശേഷം കോവിഡ് കാലത്തുണ്ടായ വിദ്യാർത്ഥികളുടെ പഠനവിടവ് നികത്തുന്നതിന് വേണ്ട പ്രവർത്തനങ്ങൾ ആസൂത്രണം ചെയ്യുന്നതിനും നടപ്പിലാക്കുന്നതിനും തീരുമാനിച്ചു.

തൃശ്ശൂർ ജില്ലയിലെ കൊടുങ്ങല്ലൂർ ഉപജില്ലയിലെ മതിലകം പഞ്ചായത്തിലെ തീരപ്രദേശത്താണ് ഞങ്ങളുടെ വിദ്യാലയം സ്ഥിതി ചെയ്യുന്നത്. 1920ലാണ് ഞങ്ങളുടെ വിദ്യാലയം സ്ഥാപിതമായത്. വിദ്യാർത്ഥികളെ പഠനത്തിലും കലാകായിക പ്രവർത്തനത്തിലും ഉന്നത നിലവാരത്തിൽ എത്തിക്കുവാൻ ഉതകുന്ന പ്രവർത്തനങ്ങൾ ആവിഷ്കരിച്ച് നടപ്പിലാക്കാൻ ഞങ്ങൾ തീരുമാനിച്ചിരിക്കുകയാണ്. വിദ്യാലയത്തിലെ പ്രീപ്രൈമറി അടക്കം 223 വിദ്യാർത്ഥികളെയും ഉൾക്കൊള്ളിച്ചുകൊണ്ടുള്ള പ്രവർത്തനങ്ങളാണ് ഇതിൽ ഉൾക്കൊള്ളി ച്ചിട്ടുള്ളത്.

കൂളിമുട്ടം എ.എം.യു.പി സ്കൂൾ, മതിലകം ഗ്രാമപഞ്ചായത്തിലെ ഏറ്റവും മികച്ച സ്കൂൾ ആക്കി മാറ്റണം എന്ന് നമ്മുടെയൊക്കെ സ്വപ്നം പ്രാവർത്തികമാക്കി മാറ്റുന്നതിന്റെ ഭാഗമായി സ്കൂളിൽ മികച്ച ഭൗതിക സാഹചര്യമൊരുക്കുന്ന പ്രവർത്തി ഏകദേശം പൂർത്തീകരിച്ചു കഴിഞ്ഞു. സൗരോർജ്ജം ഉപയോഗിച്ച് പ്രവർത്തിക്കുന്ന എ.സി ഉൾപ്പെടെയുള്ള മുഴുവൻ പദ്ധതികളും നടപ്പിലാക്കിയതോടെ നമ്മുടെ പ്രദേശത്തെ മാത്രമല്ല കേരളത്തിലെ എയ്ഡഡ് മേഖലയിലെ ഏറ്റവും മികച്ച ഭൗതിക സാഹചര്യമുള്ള വിദ്യാലയമായി നമ്മുടെ വിദ്യാലയം മാറിക്കഴിഞ്ഞു എന്ന കാര്യത്തിൽ സംശയമില്ല. നമ്മുടെ വിദ്യാലയത്തെ അക്കാദമികമായ മികവിന്റെ ഔന്നിത്യങ്ങളിൽ എത്തിക്കുന്നതിനായി ഈ അധ്യായന വർഷം നടപ്പാക്കേണ്ട പ്രവർത്തനങ്ങൾ എന്തൊക്കെ എന്നതിനെക്കുറിച്ച് പ്രതിപാദിക്കുന്ന മാസ്റ്റർ പ്ലാൻ ആണിത്. അച്ചടക്കം, അക്കാദമികം, കലാകായികം, ഭക്ഷണവും കൃഷിയും എന്നീ നാല് മേഖലകളിൽ നടപ്പിലാക്കേണ്ട മുഴുവൻ കാര്യങ്ങളും ഇതിൽ ഉൾപ്പെടുത്തിയിട്ടുണ്ട്.

# ലക്ഷ്യങ്ങൾ

സമഗ്ര ആസൂത്രണത്തിലൂടെ ഞങ്ങളുടെ വിദ്യാലയത്തെ അക്കാദമികമായി ഉന്നത നിലവാരത്തിൽ എത്തിക്കാൻ ഉതകുന്ന പദ്ധതികളാണ് ഇവിടെ വിഭാവനം ചെയ്തിട്ടുള്ളത്.

| ക്രമ നമ്പർ | വിഷയം | ലക്ഷ്യം |
|---|---|---|
| 1. | ഭാഷാപഠനം | വിദ്യാർത്ഥികളെ മാതൃഭാഷ കൈകാര്യം ചെയ്യുന്നതിൽ പ്രാവീണ്യരാക്കുക. |
| 2. | ഇംഗ്ലീഷ് ഭാഷപഠനം | കാലഘട്ടത്തിന്റെ ആവശ്യം ഉൾക്കൊണ്ട് വിദ്യാർത്ഥികളെ ലോകഭാഷയിൽ നിപുണരാക്കുക. |
| 3. | ഇതരഭാഷാപഠനം | ഹിന്ദി, സംസ്കൃതം, ഉറുദു, അറബി എന്നീ ഭാഷകളിൽ മികച്ച വിദ്യാർത്ഥികളെ സൃഷ്ടിക്കുക |
| 4. | ശാസ്ത്ര പഠനം | പരീക്ഷണനിരീക്ഷണങ്ങളിലൂടെ കാര്യങ്ങൾ വിശകലനം ചെയ്ത് പഠിക്കുക. ശാസ്ത്ര ആഭിമുഖ്യം വളർത്തുക. |
| 5. | ഗണിതശാസ്ത്ര പഠനം | ഗണിതശാസ്ത്രത്തിൽ ഔന്നിത്യത്തിൽ എത്തിക്കുക. |
| 6. | സാമൂഹ്യശാസ്ത്ര പഠനം | സമൂഹത്തിന്റെ വളർച്ചയും വികാസവും വിശകലനം ചെയ്ത് മനസ്സിലാക്കാൻ പ്രാപ്തരാക്കുക. |
| 7. | ജൈവവൈവിധ്യം | പ്രകൃതിയോട് കൂടുതൽ അടുത്തിടപെടുന്നതിന് സാഹചര്യമൊരുക്കുക വിദ്യാലയം ഒരു പാഠപുസ്തകം എന്ന സങ്കല്പം യാഥാർത്ഥ്യമാക്കുക. |
| 8. | തളിര് കൃഷി | വിദ്യാഭ്യാസ പ്രവർത്തനങ്ങൾ ജനകീയവും ഹരിതാഭവും ആക്കുക. പുതിയ കാർഷിക സംസ്കാരം വളർത്തിയെടുക്കുക. |
| 9. | ലൈബ്രറി & ക്ലാസ്സ് ലൈബ്രറി | വായനയിലൂടെ കൂടുതൽ അറിവ് നേടി മാനസിക ഔന്നിത്യത്തിൽ എത്തിക്കുക. |
| 10. | ഐടി | ആധുനിക വിവരവിനിമയ സാങ്കേതിക വിദ്യയിൽ വിദ്യാർത്ഥികളെ നിപുണരാക്കുക. അതിലൂടെ അക്കാദമിക് നിലവാരം ഉയർത്തുക. |
| 11. | പിടിഎ, സിപിടിഎ | വിദ്യാലയ വികസനത്തിന് സാമൂഹിക പങ്കാളിത്തം ഉറപ്പാക്കുക. |

# വിദ്യാലയത്തിന്റെ ലഘുചരിത്രം

മതിലകം ഗ്രാമപഞ്ചായത്തിലെ രണ്ടാം വാർഡിൽ കൂളിമുട്ടം വില്ലേജിലാണ് എ.എം.യു.പി. സ്കൂൾ സ്ഥിതി ചെയ്യുന്നത്. സ്കൂളിന്റെ ഫീഡിങ് ഏരിയ തെക്ക് പി വെമ്പല്ലൂർ, പടിഞ്ഞാറ് കടപ്പുറം, കിഴക്ക് പുതിയകാവ് എന്നിവയാണ്. ഞങ്ങളുടെ ഫീഡിങ് സ്കൂൾ വടക്കുഭാഗത്തുള്ള എൻ.എം.എൽ.പി.സ്കൂളാണ്. കൂടാതെ കാതിക്കോടുള്ള അൽ അഖ്സ പബ്ലിക്സ്കൂൾ (ഇംഗ്ലീഷ് മീഡിയം) ഇങ്ങോട്ടുള്ള വിദ്യാർത്ഥികളുടെ എണ്ണത്തെ ബാധിച്ചു.

വിദ്യാഭ്യാസ സൗകര്യം തീരെ ഇല്ലാതിരുന്ന കാലഘട്ടത്തിൽ ചില ആശാന്മാർ നടത്തിയിരുന്ന കുടിപ്പള്ളിക്കൂടത്തിലൂടെയാണ് ചില ആളുകൾ അക്ഷരാഭ്യാസം നേടിയത്. ആ കാലത്ത് ഈ പ്രദേശം ബ്രിട്ടീഷ് ഭരണത്തിന്റെ കീഴിലായിരുന്നു. വിദ്യാഭ്യാസത്തിനു വേണ്ടി മാപ്പിള റെയിഞ്ച്, ഹിന്ദു റേഞ്ച്, പെൺകുട്ടികളുടെ വിദ്യാഭ്യാസത്തിനു വേണ്ടി ഗേൾസ് റേഞ്ച് എന്നിങ്ങനെ മൂന്ന് വിഭാഗങ്ങളായാണ് സ്കൂളുകൾ സ്ഥാപിച്ചിരുന്നത്. ആ സമയത്താണ് പുന്നിലത്ത് അബ്ബു സാഹിബ് 1920ൽ ഈ വിദ്യാലയം സ്ഥാപിച്ചത് 1920 സ്ഥാപിച്ചതെങ്കിലും 1921 ലാണ് അംഗീകാരം ലഭിച്ചത്. ആദ്യം എലിമെന്ററി എന്ന പേരിലും പിന്നീട് എ.എം.യു.പി സ്കൂൾ എന്ന പേരിലുമാണ് ഈ വിദ്യാലയം അറിയപ്പെടുന്നത്. കൂടാതെ തട്ടുങ്ങൽ എന്ന് പേരുകൂടി ഈ വിദ്യാലയത്തിലുണ്ട്. കാരണം ഈ ഭാഗത്ത് ഒരു തട്ടു പോലെ അടിച്ചുണ്ടാക്കിയ കെട്ടിടത്തിലാണ് 73 കുട്ടികളും മൂന്ന് അധ്യാപകരുമായി ഈ വിദ്യാലയത്തിന്റെ പ്രവർത്തനം ആരംഭിച്ചത്.

1941ൽ പുതിയ കെട്ടിടം പണിയുകയും 6 അധ്യാപകരുമായി പ്രവർത്തനം ആരംഭിച്ചു. 1948 മുമ്പത്തെ മാനേജരായ പി എ മുഹമ്മദുണ്ണി സാഹിബ് സ്ഥാനമേറ്റു. 1964ൽ സ്കൂൾ അപ്ഗ്രേഡ് ചെയ്യുകയും അറബിക്, ഉർദു, ഹിന്ദി, സംസ്കൃതം, ഡ്രോയിങ്, ഡ്രിൽ ഇവയ്ക്ക് അധ്യാപകരെ നിയോഗിക്കുകയും ചെയ്തു. കുടിവെള്ളത്തിനും പ്രാഥമിക ആവശ്യത്തിന് ഉള്ള സൗകര്യങ്ങൾ ഒരുക്കുകയും ചെയ്തു. സ്കൂളിന് ആവശ്യമായ സൗകര്യങ്ങൾ ഒരുക്കുന്നതിന് സംഘടനകളുടെ സഹായസഹകരണങ്ങൾ ഒന്നും തന്നെ ഇല്ലായിരുന്നു.

തട്ടുങ്ങൽ പ്രദേശത്തെ ജനങ്ങൾ കൂടുതലായും കൃഷിപ്പണി. കൂലിപ്പണി. പായനെയ്ത്ത്, ആശാരിപ്പണി, കയറു പിരിക്കൽ എന്നിങ്ങനെയുള്ള തൊഴിലുകളിലാണ് ഏർപ്പെട്ടിരുന്നത്. അന്നെല്ലാം കത്തുകൾ അയച്ചും ടെലഗ്രാം അടിച്ചുമാണ് വിവരങ്ങൾ അറിഞ്ഞിരുന്നത്, പ്രധാനപ്പെട്ട കൃഷികൾ നാളികേരം, അടയ്ക്ക, പുളി, നെല്ല്, പച്ചക്കറികൾ, എള്ള് എന്നിവയായിരുന്നു.

1970ൽ ഒരു പ്രൈമറി ഹെൽത്ത് സെന്റർ ഇവിടെ സ്ഥാപിക്കുകയും ആളുകൾക്ക് സൗജന്യം മരുന്ന് വിതരണം നടത്തുകയും ചെയ്തിരുന്നു. അന്ന് കുടുംബക്ഷേത്രങ്ങൾ ആയിരുന്നു അധികവും. ജാതിമതഭേദമെന്യേ എല്ലാവരും വിവിധ ഉത്സവങ്ങൾ ആഘോഷി ച്ചിരുന്നു.

ഇപ്പോൾ പ്രീപ്രൈമറി അടക്കം 200ൽ പരം കുട്ടികൾ പഠിക്കുന്ന വിദ്യാലയമാണ് നമ്മുടേത്. അക്കാദമികമായും ഭൗതികപരമായും സാമൂഹികമായും മുമ്പത്തേക്കാൾ നേട്ടങ്ങൾ ഉണ്ടാക്കാൻ സാധിച്ചിട്ടുണ്ട്. കേരളത്തിൽ ആദ്യമായി സോളാർ ഇൻവെർട്ടറിന്റെ സഹായത്തോടെ എല്ലാ ക്ലാസ് മുറികളും എ.സി സൗകര്യം ഒരുക്കിയ ഏകവിദ്യാലയമാണ് എ.എം.യു.പി.സ്കൂൾ പി.ടി.എ, എം.എസ്.എ.വികസനസമിതി എന്നിവയുടെ സഹായത്തോടെ സ്കൂൾ പ്രവർത്തനങ്ങൾ നല്ല രീതിയിൽ കൊണ്ടുപോകാൻ സാധിക്കുന്നുണ്ട്. 11 അധ്യാപകരും ഒരു ഓഫീസ് അറ്റൻഡറും അടക്കം 12 പേർ ഈ വിദ്യാലയത്തിൽ സേവനമനുഷ്ഠിച്ചു വരുന്നു.

## അക്കാദമിക പ്രശ്നങ്ങൾ

- 1-ാംതരം മുതൽ 7-ാം തരം വരെയുള്ള എല്ലാ വിദ്യാർത്ഥികൾക്കും വിവിധ ഭാഷാ വിഷയങ്ങളിൽ വൈവിധ്യപൂർണ്ണമായ വ്യവഹാര രൂപങ്ങളിലൂടെ ആശയവിനിമയം സാധ്യമാകുന്നില്ല.

- 1-ാംതരം മുതൽ 7-ാം തരം വരെയുള്ള എല്ലാ വിദ്യാർത്ഥികൾക്കും പാഠ്യപദ്ധതി ലക്ഷ്യം വയ്ക്കുന്ന നിർദിഷ്ടശേഷികൾ നേടാൻ കഴിയുന്നില്ല.

- ശാസ്ത്രം, ഗണിതം, സാമൂഹ്യശാസ്ത്രം തുടങ്ങിയ വിഷയങ്ങളിൽ അടിസ്ഥാന ആശയങ്ങളിൽ വേണ്ടത്ര പരിജ്ഞാനം ഇല്ലാത്തത് തുടർന്നുവരുന്ന ക്ലാസുകളിലെയും വിവിധ വിഷയങ്ങളിലേയും പഠനനിലവാരത്തെ ബാധിക്കുന്നു.

- നിത്യജീവിതത്തിൽ ശാസ്ത്രം, ഗണിതം, സാമൂഹ്യശാസ്ത്രം തുടങ്ങിയ വിഷയങ്ങളുമായി ബന്ധപ്പെട്ട പ്രശ്നങ്ങൾ പ്രശ്നവിശകലനം നടത്താനോ പരിഹരിക്കാനോ കഴിയുന്നില്ല.

- സ്വന്തമായി പ്രശ്നപരിഹരണ പ്രവർത്തനങ്ങളിൽ ഏർപ്പെടാനും പരീക്ഷണ പ്രവർത്തനങ്ങളിൽ ഏർപ്പെടാനോ വിദ്യാർത്ഥികൾക്ക് കഴിയുന്നില്ല.

- എല്ലാ കുട്ടികളെയും പരിഗണിച്ച് ഭിന്നതല പ്രവർത്തനങ്ങൾ ഒരുക്കാൻ സ്കൂളുകൾക്ക് കഴിയുന്നില്ല.

- കലാകായിക പ്രവർത്തി പരിചയ വിഷയങ്ങളിൽ പാഠ്യപദ്ധതി പ്രവർത്തനങ്ങൾ നടപ്പിലാക്കാനും വേണ്ടത്ര അനുഭവങ്ങൾ നൽകാനും സ്കൂളുകൾക്ക് കഴിയുന്നില്ല.

- മഹാമാരി മൂലം രണ്ടു വർഷത്തോളം സ്കൂൾ അനുഭവങ്ങളിൽ നിന്ന് മാറ്റിനിർത്തപ്പെട്ട അനുഭവ സമ്പത്തും പഠനവിടവും കുട്ടികളെ സാരമായി ബാധിച്ചു.

1. അക്കാദമിക പ്രശ്നം

2. പ്രശ്നവിശകലനം – മേഖല– ഭാഷാപഠനം– മാതൃഭാഷ – ഇതര ഭാഷ

പ്രശ്നം 1 : വായനയിൽ മികവ് പുലർത്തുന്നുണ്ടെങ്കിലും ലേഖനത്തിൽ അക്ഷരപ്പിഴവുകൾ ധാരാളമായി വരുത്തുന്നു.

2 : എല്ലാ വിദ്യാർത്ഥികൾക്കും വിവിധ ഭാഷാ വിഷയങ്ങളിൽ വൈവിധ്യപൂർണ്ണമായ ഭാഷാ വ്യവഹാര രൂപങ്ങളിലൂടെ ആശയവിനിമയം സാധ്യമാകുന്നില്ല.

3 : ആസ്വാദകരായ വായനയിൽ വൈദഗ്ധ്യം നേടുന്നില്ല.

4 : ഒഴുക്കോടെയും ശരിയായ ഉച്ചാരണത്തോടെയും ഇതരഭാഷകൾ സംസാരിക്കുവാനും കേട്ട് മനസ്സിലാക്കാനുവാനുമുള്ള കഴിവ് വികസിക്കൽ.

5 : ജൈവികമായ പഠനത്തിന്റെ നീണ്ട ഇടവേള കുട്ടികളിൽ നിരവധി മാനസിക ആരോഗ്യ സാമൂഹിക പഠന പ്രശ്നങ്ങൾ സൃഷ്ടിച്ചിട്ടുണ്ട്.

| പ്രശ്നകാരണങ്ങൾ | പരിഹാര നിർദ്ദേശങ്ങൾ | പദ്ധതി പ്രവർത്തനം |
|---|---|---|
| 1. അതാതു ക്ലാസുകളിൽ ആർജ്ജിക്കേണ്ട നിർദ്ദിഷ്ട ശേഷികൾ എല്ലാവരും നേടിയിട്ടില്ല. | അതാതു ക്ലാസിലെ ഭാഷാ നിലവാരം പ്രീ ടെസ്റ്റ് നടത്തി കണ്ടെത്തൽ (മലയാളത്തിളക്കം) | 1. പ്രീ ടെസ്റ്റ് & പോസ്റ്റ് ടെസ്റ്റ്<br>- അക്ഷരം ഉറപ്പിക്കൽ<br>- അടയാളം ഉറപ്പിക്കൽ<br>- അക്ഷരക്കാർഡ് നൽകൽ<br>- വാക്കുകൾ എഴുതിയ കാർഡ്<br>- വാക്കുകൾ നിർമ്മിക്കൽ<br>- വാക്യങ്ങൾ നിർമ്മിക്കൽ<br>- ചിത്രം - അടിക്കുറിപ്പ്<br>- ചിത്രം - കഥപറയൽ<br>- കഥ - ബാക്കി എഴുതൽ<br>- കഥാപുസ്തകം നൽകൽ<br>- സി.ഡി യിൽ ചിത്രം കാണിച്ച് വാക്യങ്ങൾ എഴുതൽ<br>ഭാഷാപരമായി പിന്നോക്കം നിൽക്കുന്നവർക്ക് പ്രത്യേകം ക്ലാസ് . |
| 2. വിദ്യാർത്ഥികൾക്കുള്ള അധിക ഭാഷാ സർഗ്ഗാത്മക പ്രവർത്തനങ്ങളുടെ കുറവ്. | കുട്ടിയെ മികച്ച വായനക്കാരനാക്കുക.<br><br>കുട്ടിയെ മികച്ച എഴുത്തുകാരനാക്കുക. | - ക്ലാസ് വായനക്കൂട്ടം രൂപീകരിക്കൽ<br>- വായനമൂലാ ക്ലാസ് ലൈബ്രറി രൂപീകരിക്കൽ<br>- സ്കൂൾ ലൈബ്രറി ശാക്തീകരണം.<br>- സമീപ ഗ്രന്ഥശാല അംഗത്വം<br>- പത്രവായന<br>- വായനാക്കുറിപ്പ് പതിപ്പ്<br>- വിദ്യാരംഗം കലാസാഹിത്യ വേദി പ്രവർത്തനം<br>- ദിനാചരണങ്ങൾ ആനുകാലിക പ്രസിദ്ധീകരണങ്ങളും വായനയും<br>- ക്ലാസ് ലൈബ്രറി<br>- പ്രാദേശിക ലൈബ്രറി ഉപയോഗം കാര്യക്ഷമമാക്കൽ<br>- വായനാക്കുറിപ്പ് |

| പ്രശ്നകാരണങ്ങൾ | പരിഹാര നിർദ്ദേശങ്ങൾ | പദ്ധതി പ്രവർത്തനം |
|---|---|---|
| 3. സ്കൂൾ പ്രവർത്തനങ്ങളും വീട്ടിലെ പഠനാന്തരീക്ഷവും പരസ്പരം പൂരകമായി മാറുന്നില്ല. | വിദ്യാർത്ഥികൾക്കുള്ള ശില്പശാലകൾ<br><br>രക്ഷിതാക്കൾക്കുള്ള ശില്പശാലകൾ | - ആസ്വാദനക്കുറിപ്പ് - പതിപ്പ്<br>- വിവിധ സാഹിത്യശാഖകൾ പരിചയപ്പെടൽ<br>- ഇൻലന്റ് മാഗസിൻ, ചുമർ പത്രികപതിപ്പ് തയ്യാറാക്കൽ<br>- ബാലസഭ<br>- വ്യക്തിഗത രചന, സംഘ രചന<br>- പ്രാദേശിക എഴുത്തുകാരുടെ ഡയറക്ടറി നിർമ്മാണം<br>- കഥ, കവിത, നാടകം ശിൽപശാലകൾ സംഘടിപ്പിക്കൽ<br>- അമ്മ വായന വിപുലീകരണം<br>- പുസ്തക ചർച്ച<br>- വായനാനുഭവം<br>- വായനാ സാമഗ്രികൾ ശേഖരിക്കൽ, രചനാ ശിൽപശാലകൾ സംഘടിപ്പിക്കൽ.<br>- സാഹിത്യകാരൻമാരുടെ ഫോട്ടോ ഗ്യാലറി ഒരുക്കൽ, ഭാഷാ വ്യവഹാര രൂപങ്ങൾ<br>- വർക്ക് ഷീറ്റ് നിർമ്മാണം.<br>- കൈയ്യെഴുത്ത് മാഗസിൻ, കുട്ടിപത്രം - വാർഷികം |

## 3. പരിഹാര പ്രവർത്തനം – വിശദാംശങ്ങൾ

### മേഖല ഭാഷാപഠനം

1. പ്രീടെസ്റ്റ് : ഏതൊരു പ്രശ്ന പരിഹരണ പ്രവർത്തനവും ആരംഭിക്കണമെങ്കിൽ നിലവിൽ പ്രശ്നത്തിന്റെ നില, അവസ്ഥ, വ്യാപ്തി എന്നിവ വിശകലനം ചെയ്യണം. ഇതിനായി വിദ്യാർത്ഥികൾ സന്തോഷത്തോടെ ഏറ്റെടുക്കുന്ന പ്രവർത്തനം പ്രീടെസ്റ്റായി നൽകുന്നു. ഏതെങ്കിലും ഒരു അനുഭവം (കണ്ട സിനിമ / കണ്ട ഉത്സവം) എഴുതാൻ അവസരം നൽകുന്നു.

2. അടിസ്ഥാന ഭാഷാ ശേഷി വികസനത്തിനുള്ള പരിഹാര പ്രവർത്തന പാക്കേജ് തയ്യാറാക്കൽ, അടിസ്ഥാന ഭാഷാശേഷി വികസനത്തിനായി വിദ്യാർത്ഥികളുടെ നിലവിലെ അവസ്ഥക്കനുസൃതമായ പ്രവർത്തനങ്ങൾ തയ്യാറാക്കുന്നു. 'മലയാളത്തിളക്കം' പരിപാടി പ്രയോജനപ്പെടുത്തുന്നു. അക്ഷരം ഉറപ്പിക്കൽ, അടയാളം ഉറപ്പിക്കൽ, അക്ഷര കാർഡ് നൽകൽ, വാക്കുകൾ, എഴുതിയ കാർഡ് നൽകൽ, വാക്കുകൾ നിർമ്മിക്കൽ വാക്യങ്ങൾ നിർമ്മിക്കൽ, അടിക്കുറിപ്പ്, കഥപറയൽ, എഴുതൽ ഭാഷാപരമായി പിന്നോക്കം നിൽക്കുന്നവർക്ക് പ്രത്യേക ക്ലാസ് നൽകുന്നു.

3. ഉയർന്ന ഭാഷാശേഷി വികസനത്തിനുള്ള പരിഹാര പ്രവർത്തന പാക്കേജ്.
   - എല്ലാ വിദ്യാർത്ഥികളെയും പങ്കെടുപ്പിച്ചുകൊണ്ടുള്ള ക്ലാസ് തല ശിൽപശാല
   - പാഠഭാഗത്തിലെ കഥ, കവിത തുടങ്ങിയവയുമായി ബന്ധപ്പെട്ട ഭാഷാ വ്യവഹാര രൂപങ്ങളുടെ നിർമ്മാണം.
   - ലൈബ്രറി ശക്തിപ്പെടുത്തൽ (ക്ലാസ്, സ്കൂൾ)
   - ബാലസഭാ സാഹിത്യ വേദി കാര്യക്ഷമമാക്കൽ
   - കൈയ്യെഴുത്തു മാഗസിൻ, കുട്ടി - പത്രം - വാർഷികം

4. രക്ഷിതാക്കൾക്കുള്ള ശിൽപശാലകൾ

5. പോസ്റ്റ് ടെസ്റ്റ്

## മാതൃഭാഷ മലയാളം

| പ്രവർത്തനങ്ങൾ | ചുമതല | കാലം | സാമ്പത്തികം | നടപ്പിലാക്കുന്ന ഏജൻസി |
|---|---|---|---|---|
| <u>കാവ്യ കൂട്ടം</u><br>കുട്ടികളുടെയും രക്ഷിതാക്കളുടെയും അധ്യാപകർ സാഹിത്യകാരന്മാർ മുതലായവരെ സംഘടിപ്പിച്ച കാവ്യക്കൂട്ടം സംഘടിപ്പിക്കൽ | ഗ്രീഷ്മ ടീച്ചർ<br>ഖദീജ ടീച്ചർ | ആറുമാസം | 2500/- | ബിആർ സി |
| ഇൻലന്റ് മാഗസിൻ ചുമർപത്രിക പതിപ്പ് തയ്യാറാക്കൽ | ഗ്രീഷ്മ ടീച്ചർ<br>ഖദീജ ടീച്ചർ<br>ബിൻസി ടീച്ചർ | രണ്ടുമാസം | 5000/- | ബിആർ സി |
| രചയിതാക്കളെ പരിചയപ്പെടൽ | ഖദീജ ടീച്ചർ<br>അജിത ടീച്ചർ | ഒരു വർഷം | 5000/- | ബിആർ സി |
| സാഹിത്യ സാംസ്കാരിക ചിത്ര ഗ്യാലറി | ഖദീജ ടീച്ചർ<br>സുമയ്യ ടീച്ചർ | ഒരു വർഷം | 2500/- | ബിആർ സി |

## ഭാഷാ പഠനം മാതൃഭാഷ

| പ്രവർത്തനങ്ങൾ | ചുമതല | കാലം | സാമ്പത്തികം | നടപ്പിലാക്കുന്ന ഏജൻസി |
|---|---|---|---|---|
| ഭാഷ നിലവാരം പ്രീടെസ്റ്റ് നടത്തി കണ്ടെത്തൽ പരിഹരിക്കൽ മലയാളത്തിളക്കം | സുമയ്യ ടീച്ചർ<br>ബിൻസി ടീച്ചർ | ആറുമാസം | 1000/- | ബിആർ സി |
| കുട്ടിയെ മികച്ച വായനക്കാരനാക്കുക | സുമയ്യ ടീച്ചർ | ഒരു വർഷം | 2000/- | എം എൽ എ |
| കുട്ടിയെ മികച്ച എഴുത്തുകാരനാക്കുക | ബിൻസി ടീച്ചർ<br>സുമയ്യ ടീച്ചർ | ഒരു വർഷം | 2500/- | പി ടി എ, മാനേജർ |
| വിദ്യാർഥികൾക്കുള്ള ശില്പശാലകൾ സംഘടിപ്പിക്കൽ | സുമയ്യ ടീച്ചർ<br>ബിൻസി ടീച്ചർ | മൂന്ന് ദിവസം | 5000/- | പഞ്ചായത്ത്, ബിആർസി |
| ഭിന്നശേഷിക്കാർക്കായി പ്രവർത്തന പാക്കേജ് | ഗ്രീഷ്മ ടീച്ചർ<br>ഖദീജ ടീച്ചർ | ഒരു വർഷം | 2500/- | ബി ആർ സി, പി ടി എ |
| ക്ലാസ് ലൈബ്രറി രൂപീകരിക്കൽ. | ഗ്രീഷ്മ ടീച്ചർ<br>ഖദീജ ടീച്ചർ | രണ്ടുമാസം | 2500/- | ബി ആർ സി, പഞ്ചായത്ത്, പി ടി എ |

| സംസ്കൃതം | | | | |
|---|---|---|---|---|
| ലക്ഷ്യം | പ്രവർത്തനം (സംസ്കൃതം) | കാലയളവ് | ചുമതല | നടപ്പിലാക്കുന്ന ഏജൻസി |
| ഭാഷയിൽ പിന്നോക്കം നിൽക്കുന്ന കുട്ടികളെ പരിപോഷിപ്പിക്കുന്നതിനുള്ള പ്രത്യേക പരിപാടി | പരീക്ഷ നടത്തി കുട്ടികളുടെ ഭാഷാ നിലവാരം മനസ്സിലാക്കുന്നു. ഭാഷയിലൂടെ ലഭിക്കുന്ന അറിവിന്റെ മഹത്വവും പറഞ്ഞുകൊടുത്തുകൊണ്ട് കുട്ടികളെ ഭാഷാ സ്നേഹികളാക്കി മാറ്റുകയും അതിലൂടെ ഭാഷ പഠിക്കുന്നതിനായി കൂടുതൽ താല്പര്യം വളർത്തുകയും ചെയ്യുന്നു. | രണ്ടുമാസം | | |
| ഭാഷാ പഠനം | കളികളിലൂടെയും ചിത്രങ്ങളിലൂടെയും വീഡിയോ കാർഡുകൾ എന്നിവയുടെയെല്ലാം സഹായത്താൽ പ്രാവർത്തികമാക്കുന്നു. ഭാഷ അസംബ്ലിയിൽ എല്ലാ കുട്ടികളെയും പങ്കെടുപ്പിച്ചുകൊണ്ട് അവരവരുടെ കഴിവുകൾ പ്രദർശിപ്പിക്കുന്നു. | | | |

| ലക്ഷ്യം | പ്രവർത്തനം (സംസ്കൃതം) | കാലയളവ് | ചുമതല | നടപ്പിലാക്കുന്ന ഏജൻസി |
|---|---|---|---|---|
| കുട്ടികളെ വായനയുടെ ലോകത്തേക്ക് കൊണ്ടുവരുകയും നല്ല വായനക്കാരാക്കുകയും ചെയ്യും. | ◆ ലളിതമായ ഭാഷാപുസ്തക ശേഖരണം (ഭാഷാ ലൈബ്രറി)<br>◆ പുസ്തകങ്ങൾ, ചിത്രകഥ കഥാപുസ്തകം, ചെറുകഥകൾ, സുഭാഷിതങ്ങൾ എന്നിവ കുട്ടികളിലേക്ക് എത്തിക്കുന്നു. | | | |
| വായനയിലൂടെയും എഴുത്തിലൂടെയും ഭാഷാശേഷി വർദ്ധിപ്പിക്കുന്നതിനുള്ള സാഹചര്യം ക്ലാസ് മുറിയിൽ ഒരുക്കുക. | കുട്ടികളെ കൊണ്ട് ഭാഷയുമായി ബന്ധപ്പെട്ട അവർക്ക് ഇഷ്ടപ്പെട്ട കാര്യങ്ങൾ അവതരിപ്പിക്കുന്നു ഗ്രൂപ്പുകളായി കുട്ടികൾക്ക് പതിപ്പുകൾ നിർമ്മിക്കാൻ അവസരം നൽകുന്നു നിർമ്മിച്ചവർ പ്രദർശിപ്പിക്കുന്നു. | | | |

| ഭാഷാ പഠനം ഹിന്ദി | | | | |
|---|---|---|---|---|
| പ്രവർത്തനങ്ങൾ | ചുമതല | കാലം | സാമ്പത്തികം | നടപ്പിലാക്കുന്ന ഏജൻസി |
| ഹിന്ദിഭാഷ എല്ലാ വിദ്യാർത്ഥികൾക്കും നല്ല രീതിയിൽ സ്വായത്തമാക്കാനുള്ള പ്രവർത്തനങ്ങൾ വർദ്ധിപ്പിക്കുക. | ധന്യ ടീച്ചർ | ജൂൺ-മാർച്ച് | | |
| അക്ഷരങ്ങളും പദങ്ങളും ഉറപ്പിക്കാനുള്ള പ്രവർത്തനങ്ങൾ കൊടുക്കുക | ധന്യ ടീച്ചർ | ജൂൺ-ആഗസ്റ്റ് | | |
| കളികളിലൂടെയുള്ള പഠനം | ധന്യ ടീച്ചർ | | | |
| സുരീലി ഹിന്ദി ഉപയോഗിച്ച് കൂടുതൽ പ്രവർത്തനങ്ങൾ ആസൂത്രണം ചെയ്യുക. | ധന്യ ടീച്ചർ | | 3000/- | ബി ആർ സി |
| ഭാഷ കേൾക്കാനുള്ള അവസരം | ധന്യ ടീച്ചർ | | | |
| പഠനവൈകല്യമുള്ള കുട്ടികൾക്ക് ചിത്രകാർഡുകൾ വർക്ക് ഷീറ്റുകൾ ഉപയോഗിച്ചുള്ള പഠനം | ധന്യ ടീച്ചർ | | | പി ടി എ |

| ലക്ഷ്യം | പ്രവർത്തനം ( ഉറുദു) | കാലയളവ് | ഭൗതികം | പിന്തുണ |
|---|---|---|---|---|
| ഭാഷയിൽ പിന്നോക്കം നിൽക്കുന്ന കുട്ടികളെ പരിപോഷിപ്പിക്കുവാനുള്ള പ്രത്യേക പരിപാടി. | എഴുത്ത്, വായന ടെസ്റ്റ് നടത്തി പിന്നോക്കം നിൽക്കുന്ന വിദ്യാർത്ഥികളെ കണ്ടെത്തുന്നു.<br>ഉർദുപദ കാർഡുകൾ നൽകി കൂടുതൽ വായിപ്പിക്കുന്നു.<br>ഐസിടി പ്രയോജനപ്പെടുത്തി ഉച്ചാരണത്തോട് കൂടി കേൾപ്പിക്കുന്നു.<br>അക്ഷരങ്ങൾ കൂടുതലായി എഴുതിക്കുന്നു. വായിപ്പിക്കുന്നു.<br>അക്ഷരഗെയിമിലൂടെ ആസ്വദിച്ച് അക്ഷരങ്ങൾ പഠിക്കുന്നു. | 2 മാസം | പുസ്തകം<br>ഐസിടി | അധ്യാപകർ |
| കുട്ടികളെ വായനയുടെ ലോകത്തേക്ക് കൊണ്ടുവന്ന് നല്ല വായനക്കാരാക്കുക. | തെരഞ്ഞെടുത്ത ലളിതമായ ഭാഷാപുസ്തക ശേഖരണം (ഭാഷാ ലൈബ്രറി)<br>പുസ്തകങ്ങൾ ചിത്രകഥ കഥാപുസ്തകം കുട്ടിക്കവിതകൾ വിവരണ ബുക്കുകൾ | | സ്കൂൾ ലൈബ്രറി | |
| വായനയിലൂടെയും എഴുത്തിലൂടെയും ഭാഷാശേഷി വർദ്ധിപ്പിക്കാനുള്ള സാഹചര്യം ക്ലാസ് മുറിയിൽ ഒരുക്കുക. | കുട്ടികളെ കൊണ്ട് ഉറുദു ഭാഷയുമായി ബന്ധപ്പെട്ട അവർക്ക് ഇഷ്ടമുള്ളത് അവതരിപ്പിക്കുന്നു ഗ്രൂപ്പുകളായി കുട്ടികൾക്ക് പതിപ്പ് നിർമ്മിക്കാൻ അവസരം നൽകുന്നു നിർമ്മിച്ചവ പ്രദർശിപ്പിക്കുന്നു. | 6 മാസം | അസംബ്ലി<br>ചാർട്ടുകൾ<br>പത്രങ്ങൾ | |
| വിദ്യാഭ്യാസം വിഭാവനം ചെയ്യുന്ന മൂല്യങ്ങളും മനോഭാവങ്ങളും ഭാഷാ പഠനത്തിലൂടെ ഉറപ്പുവരുത്തുക. | ക്ലാസ് റൂമുകളിൽ ആശയവിനിമയത്തിന് ഭാഷ മാത്രം ഉപയോഗിക്കുന്ന സാഹചര്യം ഉണ്ടാക്കുന്നു ഭാഷയിലുള്ള കലാപരിപാടികൾ നടത്തുന്നു.<br>ക്വിസ് മത്സരം നടത്തുന്നു. ക്ലാസ് വായന ഓരോ ഭാഷാ പിരീഡിലും ഒരു കുട്ടിയെ വീതം പാഠഭാഗം ഉറക്കെ വായിപ്പിക്കുന്നു. | | പതിപ്പുകൾ | |

| ഭാഷാ പഠനം അറബി | | |
|---|---|---|
| **പ്രവർത്തനങ്ങൾ** | **വിശദാംശങ്ങൾ** | **കാലയളവ്** |
| അറബി ഭാഷ എഴുതുവാനും വായിക്കുവാനും ആശയവിനിമയം ചെയ്യുന്നതിനുള്ള കഴിവ് നേടൽ.<br><br>വായനയിലൂടെയും എഴുത്തിലൂടെയും ഭാഷാശേഷികൾ വർദ്ധിപ്പിക്കൽ | പ്രീ ടെസ്റ്റ് നടത്തി കുട്ടിയെ മനസ്സിലാക്കുന്നു. | ജൂൺ ആദ്യവാരം |
| | ചിത്ര വായന, ഐസിടി ഉപയോഗിച്ച് ഭാഷ വികസിപ്പിക്കൽ | |
| | ചിത്രങ്ങൾ നോക്കി ലഘുവാക്യങ്ങൾ എഴുതുവാനും വായിക്കുവാനുമുള്ള പരിശീലനം. | |
| | പിന്നോക്കകാർക്ക് അക്ഷരക്കാർഡ് ഉപയോഗിച്ച് പദനിർമാണം | ജൂൺ - ആഗസ്റ്റ് |
| | വായനക്കാർഡ് നിർമാണം | ജൂൺ |
| | പിടിഎയിൽ അറബിയിൽ പ്രവർത്തനങ്ങൾ നൽകൽ | എല്ലാ മാസവും |
| | ഭാഷ അസംബ്ലി | |
| | ഭാഷ കേൾക്കാൻ അവസരം | ആഴ്ചയിൽ രണ്ടുതവണ |
| | ടാലന്റ് ടെസ്റ്റ് പരിശീലനം | ജൂൺ- മാർച്ച് |

## ഭാഷാപഠനം ഇംഗ്ലീഷ്

| പ്രവർത്തനങ്ങൾ | ചുമതല | കാലം | സാമ്പത്തികം | നടപ്പിലാക്കുന്ന ഏജൻസി |
|---|---|---|---|---|
| പ്രീടെസ്റ്റ് | രാകേന്ദു ടീച്ചർ | ഒരു ദിവസം | 500/- | സ്റ്റാഫ് |
| പരിഹാരബോധ മൊഡ്യൂൾ നിർമ്മാണം | ബിൻസി ടീച്ചർ | രണ്ട് ആഴ്ച | 1000/- | ബിആർ സി സ്റ്റാഫ് |
| എല്ലാ ക്ലാസിലും ഇംഗ്ലീഷ് ലൈബ്രറി ഒരുക്കൽ, ദിനാചരണങ്ങൾ തയ്യാറാക്കൽ, ഇംഗ്ലീഷ് ഡയറി വായന, ഇംഗ്ലീഷ് പത്ര വായന, | എല്ലാ ടീച്ചർമാരും | എല്ലാ മാസവും | 1000/- | സ്റ്റാഫ് പി ടി എ |
| ഇംഗ്ലീഷ് പഠനാന്തരീക്ഷം ഒരുക്കൽ.<br>ഇംഗ്ലീഷ് ലാബ്, ഇംഗ്ലീഷ് അസംബ്ലി | രാകേന്ദു ടീച്ചർ<br>സുമയ്യ ടീച്ചർ | എല്ലാ മാസവും | 1000/- | സ്റ്റാഫ് പി ടി എ |
| വിദ്യാർഥികൾക്കുള്ള ശില്പശാലകൾ സംഘടിപ്പിക്കൽ മാഗസിൻ നിർമ്മാണം. | രാകേന്ദു ടീച്ചർ<br>സുമയ്യ ടീച്ചർ | രണ്ട് ദിവസം | 2500/- | പി ടി എ ബിആർ സി |
| ഇംഗ്ലീഷ് പഠനത്തിൽ ഐസിടി സാധ്യത പാഠഭാഗവുമായി ബന്ധപ്പെട്ടത് | ധന്യ ടീച്ചർ | എല്ലാ മാസവും | 500/- | പി ടി എ |

| ഗണിതശാസ്ത്ര പഠനം | | | | |
|---|---|---|---|---|
| പ്രവർത്തനങ്ങൾ | ചുമതല | കാലം | സാമ്പത്തികം | നടപ്പിലാക്കുന്ന ഏജൻസി |
| പ്രീ ടെസ്റ്റ് | വെജീഷ്.കെ.ബി | ഒരു ദിവസം | 500/- | സ്റ്റാഫ് |
| പരിഹാരബോധ മൊഡ്യൂൾ നിർമ്മാണം | വെജീഷ്.കെ.ബി | രണ്ട് ആഴ്ച | 2000/- | ബിആർ സി സ്റ്റാഫ് |
| ഗണിതശാസ്ത്ര ശില്പശാലകൾ, ശാസ്ത്രമേളയിൽ തയ്യാറാക്കൽ.ദിനാചരണങ്ങൾ തയ്യാറാക്കൽ | ബിൻസി ടീച്ചർ<br>വെജീഷ്.കെ.ബി | ജൂൺ - മാർച്ച് | 6000/- | സ്റ്റാഫ് പി ടി എ |
| ഗണിത പഠനാന്തരീക്ഷം ഒരുക്കൽ, ഗണിതശാസ്ത്ര ലാബ്, ഗണിതശാസ്ത്ര പാർക്ക്, എല്ലാ കുട്ടികൾക്കും ഗണിതശാസ്ത്ര കിറ്റ് , ഗണിതശാസ്ത്ര ക്വിസ്, ഗണിത മാഗസിൻ | വെജീഷ്.കെ.ബി<br>ബിൻസി ടീച്ചർ | എല്ലാ മാസവും | 7000/- | ബിആർസി<br>എസ് എസ് എസ് |
| മാസത്തിലൊരിക്കൽ ഒരു അതിഥിയുമായി ആശയങ്ങൾ കൈമാറാനുള്ള അവസരം | ബിൻസി ടീച്ചർ | എല്ലാ മാസവും | 500/- | പി ടി എ |
| ഗണിതശാസ്ത്ര പഠനത്തിൽ ഐസിടി സാധ്യത പാഠഭാഗവുമായി ബന്ധപ്പെട്ട് | വെജീഷ്.കെ.ബി<br>ബിൻസി ടീച്ചർ | എല്ലാ മാസവും | 500/- | പി ടി എ |

## സോഷ്യൽ സയൻസ്

| പ്രവർത്തനങ്ങൾ | ചുമതല | കാലം | നടപ്പിലാക്കുന്ന ഏജൻസി |
|---|---|---|---|
| സാമൂഹ്യ ചിന്ത സാമൂഹ്യബോധം സാമൂഹ്യശാസ്ത്ര വിശകലനശേഷി എന്നിവ എല്ലാ കുട്ടികൾക്കും നേടാനുള്ള പ്രവർത്തനങ്ങൾ ആസൂത്രണം ചെയ്യുന്നു. | ഫൗസിയ ടീച്ചർ | ജൂൺ- ആഗസ്റ്റ് | പി ടി എ |
| സാമൂഹ്യശാസ്ത്ര പഠനത്തിൽ ഐസിടി സാധ്യത പ്രയോജനപ്പെടുത്തുക | ധന്യ ടീച്ചർ | ജൂൺ - മാർച്ച് | പി ടി എ |
| അർത്ഥപൂർണ്ണമായ ഭൂപടവായന പഠിപ്പിക്കൽ | | | |
| പൊതുവിജ്ഞാനത്തിന് ഊന്നൽ നൽകൽ | ഫൗസിയ ടീച്ചർ | ജൂൺ - മാർച്ച് | സ്റ്റാഫ് & പി ടി എ |
| പഠനയാത്രകൾ സംഘടിപ്പിച്ച് ചരിത്ര പഠനം കാര്യക്ഷമമാക്കൽ | | ജനുവരി | |
| ക്ലബ് പ്രവർത്തനങ്ങളിലൂടെ സാമൂഹിക ബോധം വളർത്തൽ. | ധന്യ ടീച്ചർ | മാസത്തിലൊരിക്കൽ | സോഷ്യൽ ക്ലബ് |

## ശാസ്ത്ര പഠനം

| പ്രവർത്തനങ്ങൾ | ചുമതല | കാലം | സാമ്പത്തികം | നടപ്പിലാക്കുന്ന ഏജൻസി |
|---|---|---|---|---|
| പ്രീടെസ്റ്റ് | രാകേന്ദു ടീച്ചർ | ഒരു ദിവസം | 500/- | സ്റ്റാഫ് |
| പരിഹാരബോധമൊഡ്യൂൾ നിർമ്മാണം | രാകേന്ദു ടീച്ചർ | രണ്ട് ആഴ്ച | 2000/- | ബിആർ സി സ്റ്റാഫ് |
| എല്ലാ ക്ലാസിലും സയൻസ് ലൈബ്രറി ഒരുക്കൽ | വെജീഷ്.കെ.ബി | എല്ലാ മാസവും | 3500/- | ബിആർസി, പി ടി എ |
| ശാസ്ത്രോത്സവം മാതൃകയിലുള്ള ശില്പശാലകൾ, വിജ്ഞാനോത്സവം, ശാസ്ത്ര നാടകങ്ങൾ ,ശാസ്ത്ര മാഗസിൻ, തയ്യാറാക്കൽ, സയൻസ് സെന്റർ സന്ദർശിക്കൽ, ദിനാചരണങ്ങൾ തയ്യാറാക്കൽ | ബിൻസി ടീച്ചർ | ജൂൺ - മാർച്ച് | 5000/- | സ്റ്റാഫ് & പി ടി എ |
| ശാസ്ത്ര ആൽബം തയ്യാറാക്കൽ, ശാസ്ത്ര പരീക്ഷണ പുസ്തകം ഓരോ കുട്ടിക്കും | | | | |
| ശാസ്ത്രപഠനാന്തരീക്ഷം ഒരുക്കൽ ശാസ്ത്ര ലാബ്, ശാസ്ത്ര പാർക്ക് എല്ലാ കുട്ടികൾക്കും ശാസ്ത്ര കിറ്റ്, ശാസ്ത്ര ക്വിസ്, ശാസ്ത്രമാഗസിൻ, ശാസ്ത്ര നിഘണ്ടു. | രാകേന്ദു ടീച്ചർ | എല്ലാ മാസവും | 5000/- | ബിആർസി എസ്.എസ്.എ |
| ശാസ്ത്ര പഠനത്തിൽ ഐസിടി സാധ്യത പാഠഭാഗവുമായി ബന്ധപ്പെട്ട മാതൃകകൾ നിർമ്മാണം ഉദാ:- കണ്ണ് ,ശ്വാസകോശം, വൃക്ക | ബിൻസി ടീച്ചർ | എല്ലാ മാസവും | 500/- | പി ടി എ |

## ജൈവവൈവിധ്യം

| പ്രവർത്തനങ്ങൾ | ചുമതല | കാലം | സാമ്പത്തികം | നടപ്പിലാക്കുന്ന ഏജൻസി |
|---|---|---|---|---|
| സ്കൂൾ ഉദ്യാനം ശക്തിപ്പെടുത്തൽ | എല്ലാ അധ്യാപകരും | 1-10 മാസം | 15000/- | സ്റ്റാഫ് & പി ടി എ |
| ആകർഷകമായ സ്കൂൾ കവാടം നിർമ്മിച്ച നൽകൽ | രാകേന്ദു ടീച്ചർ | ഏപ്രിൽ - മേയ് | 25000/- | ഒ.എസ്.എ |
| സ്കൂളിലെ ഉദ്യാന നിർമ്മാണം | സൂരജ് മാസ്റ്റർ | 1-10 മാസം | 50000/- | മാനേജർ |
| ചുറ്റുമതിൽ നിർമ്മിച്ച നൽകൽ | വിജീഷ് മാസ്റ്റർ | ഏപ്രിൽ - മേയ് | 100000/- | പി ടി എ ഫണ്ട് |
| സ്കൂൾ അന്തരീക്ഷം ആകർഷകമാക്കണം | ബിൻസി ടീച്ചർ | 1-10 മാസം | 200000/- | സ്റ്റാഫ് & പി ടി എ |

## തളിര് കൃഷി

| പ്രവർത്തനങ്ങൾ | ചുമതല | കാലം | സാമ്പത്തികം | നടപ്പിലാക്കുന്ന ഏജൻസി |
|---|---|---|---|---|
| വിഷ രഹിത പച്ചക്കറി സ്കൂൾ തോട്ടത്തിൽ ഉത്പാദിപ്പിക്കുന്നതിന്റെ ഭാഗമായി കുട്ടികളെ കൃഷിയിലേക്ക് പ്രോത്സാഹിപ്പിക്കൽ. | കാർഷിക ക്ലബ്ബ് | ജൂൺ - മാർച്ച് | 15000/- | കൃഷി വകുപ്പ് |
| എല്ലാദിവസവും സ്കൂൾ ഉച്ചഭക്ഷണത്തിൽ ഇലക്കറികൾ ഉൾപ്പെടുത്തൽ | ഉച്ചഭക്ഷണകമ്മിറ്റി | ജൂൺ - മാർച്ച് | 25000/- | പി ടി എ ഉച്ചഭക്ഷണകമ്മിറ്റി |
| എല്ലാ ക്ലാസ്സുകളിലും കുട്ടികളുടെ നേതൃത്വത്തിൽ അടുക്കളത്തോട്ടം നിർമ്മിക്കൽ | എല്ലാ അധ്യാപകരും | ജൂൺ - മാർച്ച് | 10000/- | ക്ലാസ് പി ടി എ |
| മൈക്രോഗ്രീൻ കൃഷി പ്രോത്സാഹിപ്പിക്കൽ | എല്ലാ അധ്യാപകരും | | 10000/- | പി ടി എ |
| ഓണച്ചന്ത | എല്ലാ അധ്യാപകരും | ആഗസ്റ്റ് - സെപ്തംബർ | 15000/- | ഒ.എസ്. എ |
| ഔഷധത്തോട്ടം നിർമ്മിക്കൽ | സയൻസ് ക്ലബ്ബ് | ജൂൺ ആദ്യവാരം | 25000/- | |
| ദീർഘകാല വിളകൾ പിടിപ്പിക്കൽ | സയൻസ് ക്ലബ്ബ് | ജൂൺ ആദ്യവാരം | 15000/- | സ്റ്റാഫ് & പി ടി എ |
| പരിസ്ഥിതി ദിനാചരണം വിപുലമായി നടത്തൽ | സയൻസ് ക്ലബ്ബ് | | | |
| ഇലക്കറി മേള | കാർഷിക ക്ലബ്ബ് | സെപ്തംബർ | 10000/- | സ്റ്റാഫ് & പി ടി എ |

## ടാലന്റ് ലാബ്

| പ്രവർത്തനങ്ങൾ | ചുമതല | കാലം | സാമ്പത്തികം | നടപ്പിലാക്കുന്ന ഏജൻസി |
|---|---|---|---|---|
| കഥകവിത പരിശീലന ക്യാമ്പ് | എല്ലാ അധ്യാപകരും | എല്ലാ മാസവും | 1000/- | പി ടി എ ഫണ്ട് |
| ചിത്രരചന പരിശീലന ക്യാമ്പ് | ബിൻസി ടീച്ചർ | മാസത്തിൽ രണ്ട് ദിവസം | 2000/- | ഒ.എസ്. എ & ബിആർ സി |
| നാടൻപാട്ട് പരിശീലന ക്ലാസുകൾ | കദീജ ടീച്ചർ | എല്ലാ മാസവും ആഴ്ചയിൽ | 1000/- | ഒ.എസ്. എ |
| നാടകോത്സവം | സൂരജ് മാസ്റ്റർ | എല്ലാ മാസവും | 10000/- | ബിആർ സി & എം.എൽ.എ ഫണ്ട് |
| ക്വിസ് മത്സരം | വിജീഷ് മാസ്റ്റർ | എല്ലാ മാസവും ആഴ്ചയിൽ | 500/- | പി ടി എ ഫണ്ട് |
| അഭിനയ പരിശീലനം | കദീജ ടീച്ചർ | എല്ലാ മാസവും | 2500/- | പി ടി എ ഫണ്ട് & എം.പി ഫണ്ട് |

## ക്ലാസ് ലൈബ്രറി

| പ്രവർത്തനങ്ങൾ | ചുമതല | കാലം | സാമ്പത്തികം | നടപ്പിലാക്കുന്ന ഏജൻസി |
|---|---|---|---|---|
| അക്കാദമിക പ്രവർത്തനങ്ങൾക്കും അധിക വായനയ്ക്കും വേണ്ടി ഓരോ ക്ലാസിനും അനുയോജ്യമായ പുസ്തകങ്ങൾ ശേഖരിക്കുക. | ക്ലാസ് ടീച്ചർ | എല്ലാ മാസവും | 5000/- | പി ടി എ ഫണ്ട് |
| പുസ്തക സ്റ്റോക്ക് രജിസ്റ്ററുകൾ സൂക്ഷിക്കുക | ക്ലാസ് ടീച്ചർ | എല്ലാ മാസവും | | |
| കുട്ടി ലൈബ്രേറിയൻമാരെ പ്രവർത്തനങ്ങൾക്ക് ചുമതലപ്പെടുത്തുക. | ക്ലാസ് ടീച്ചർ | എല്ലാ മാസവും | | |
| വായനോത്സവങ്ങൾ സംഘടിപ്പിക്കുക | ഏപ്രിൽ - മാർച്ച് | എല്ലാ മാസവും | 5000/- | അടുത്തുള്ള ലൈബ്രറി ക്ലബ്ബ് അംഗങ്ങൾ |

## സ്മാർട്ട് ക്ലാസ്സ് റൂം

| പ്രവർത്തനങ്ങൾ | ചുമതല | കാലം | സാമ്പത്തികം | നടപ്പിലാക്കുന്ന ഏജൻസി |
|---|---|---|---|---|
| ആധുനിക സങ്കേതങ്ങളെ പഠനമുറികളിൽ ഉപയോഗിക്കൽ | ക്ലാസ് ടീച്ചർ | ജൂൺ - മാർച്ച് | | മാനേജർ |
| എല്ലാ ക്ലാസ് റൂമിലും ഇന്റർനെറ്റ് സൗകര്യം ഒരുക്കൽ | ഒ.എസ്.എ & പി ടി എ | ജൂൺ | 2000/- | ഒ.എസ്.എ & പി ടി എ |
| എല്ലാ അധ്യാപകർക്കും ലാപ്ടോപ്പ് | എല്ലാ ടീച്ചർമാരും | ഒരു ആഴ്ച | 60000/- | എല്ലാ ടീച്ചർമാരും |
| വിവിധ സബ്ജെക്ട് റൂമുകളാക്കി ക്രമീകരിക്കൽ | | | | |
| എല്ലാ ക്ലാസ്സ് റൂമിലും സിസിടിവി | | | | |

| ഐടി ലാബ് | | | | |
|---|---|---|---|---|
| പ്രവർത്തനങ്ങൾ | ചുമതല | കാലം | സാമ്പത്തികം | നടപ്പിലാക്കുന്ന ഏജൻസി |
| എല്ലാ അധ്യാപകർക്കും സമഗ്രയിൽ പരിശീലനം | ധന്യ ടീച്ചർ | എല്ലാ മാസവും | | സ്റ്റാഫ് |
| സ്കൂളിന് സ്വന്തമായി ക്യൂ.ആർ.കോഡ് നിർമ്മാണം | ധന്യ ടീച്ചർ | 12 ആഴ്ച | 2000/- | സ്റ്റാഫ് & പി ടി എ |
| വായനയെ പരിപോഷിപ്പിക്കൽ<br>Mobile Games / Apps<br>Stories / Rhymes<br>Mathrubhumi Broad Cast<br>English Malayalam Typing പരിശീലനം | സൂര്യ ടീച്ചർ<br>സുരേഷ് മാസ്റ്റർ | എല്ലാ മാസവും | 60000/- | സ്റ്റാഫ് & പി ടി എ |
| Digital Painting, Digital Magazine<br>എല്ലാവർക്കും You Tube Channel | സുരേഷ് മാസ്റ്റർ | എല്ലാ മാസവും | | സ്റ്റാഫ് & പി ടി എ |
| WiFi കാര്യക്ഷമമാക്കൽ | | | | |

## സി.പി.ടി.എ

| പ്രവർത്തനങ്ങൾ | ചുമതല | കാലം | സാമ്പത്തികം | നടപ്പിലാക്കുന്ന ഏജൻസി |
|---|---|---|---|---|
| സർഗ്ഗവാസന പരിപോഷിപ്പിക്കൽ | എല്ലാ ടീച്ചർമാരും | ജൂൺ - മാർച്ച് | | സ്റ്റാഫ് |
| പാഠഭാഗവുമായി ബന്ധപ്പെട്ട കവിതകൾ അവതരിപ്പിക്കൽ | എല്ലാ ടീച്ചർമാരും | ജൂൺ - മാർച്ച് | | സ്റ്റാഫ് |
| കുട്ടികളുടെ മികച്ച ഉത്പന്നങ്ങൾ പ്രവർത്തിക്കൽ | എല്ലാ ടീച്ചർമാരും | ജൂൺ - മാർച്ച് | | സ്റ്റാഫ് |
| കുട്ടികൾ നേതൃത്വം നൽകുന്ന സി.പി.ടി.എ | എല്ലാ ടീച്ചർമാരും | ജൂൺ - മാർച്ച് | | സ്റ്റാഫ് |

## Corner PTA, PEC

| പ്രവർത്തനങ്ങൾ | ചുമതല | കാലം | സാമ്പത്തികം | നടപ്പിലാക്കുന്ന ഏജൻസി |
|---|---|---|---|---|
| രണ്ടുമാസത്തിൽ ഒരിക്കൽ കോർണർ പിടിഎ നടത്തുന്നതിനും അതിൽ കുട്ടികളുടെ കലാപരിപാടികൾ രക്ഷിതാക്കളുടെ സാന്നിധ്യം ഉറപ്പുവരുത്തുന്നതിനും വേണ്ടിയുള്ള പ്രവർത്തനങ്ങൾ ആവിഷ്കരിക്കൽ | അധ്യാപകർ<br>പി.ടി.എ | 1- 8 മാസം | | അധ്യാപകർ<br>പി.ടി.എ<br>ബി.ആർ.സി |
| പി.ഇ.സി യിൽ ജൈവവൈവിധ്യ പാർക്കിന് ആവശ്യമായ സാധനസാമഗ്രികൾ ആവശ്യപ്പെടുന്നതിനും ക്ലാസ് ലൈബ്രറിയുടെ നവീകരണത്തിന് ആവശ്യമായ ഫണ്ട് അനുവദിക്കുന്നതിനും വേണ്ട അപേക്ഷ സമർപ്പണവും ഫണ്ട് ഉറപ്പുവരുത്തൽ നവീകരണം. | അജിത ടീച്ചർ<br>ബിൻസി ടീച്ചർ | 6 മാസം | | പഞ്ചായത്ത് |

# മോണിറ്ററിംഗ് രീതി

1. പ്രധാന അധ്യാപിക ഓരോ മാസങ്ങളിലും ഒരു പ്രാവശ്യമെങ്കിലും എല്ലാ ക്ലാസ്സുകളിലും എല്ലാ വിഷയങ്ങളിലും മോണിറ്ററിംഗ് നടത്തുന്നു.

2. ഉപജില്ല ഓഫീസറും വർഷത്തിൽ രണ്ട്, മൂന്ന് പ്രാവശ്യമെങ്കിലും സ്കൂൾ വിസിറ്റ് നടത്തുകയും, ക്ലാസുകൾ മോണിറ്ററിംഗ് നടത്തുകയും ചെയ്യാറുണ്ട്.

3. ഉച്ചഭക്ഷണ പരിപാടിയുടെ പ്രവർത്തനങ്ങൾ ഉച്ചഭക്ഷണത്തിനായുള്ള ചുമതലയുള്ള ഉദ്യോഗസ്ഥൻ വർഷത്തിൽ പല പ്രാവശ്യങ്ങളിലും വന്ന് മോണിറ്ററിംഗ് നടത്താറുണ്ട്.

അക്കാദമിക് മാസ്റ്റർപ്ലാൻ - ലൈബ്രറി വികസനം

മാസം/ഘട്ടം ലക്ഷ്യം / ആസൂത്രണം പ്രവർത്തനങ്ങൾ പ്രതീക്ഷിച്ച ഫലങ്ങൾ ഉത്തരവാദിത്തം

ജൂൺ

ലൈബ്രറി പ്രവൃത്തി പുനരാരംഭം പുസ്തകങ്ങളുടെ പരിശോധന, ഡാമേജ് ചെയ്തത് മാറ്റം, രജിസ്റ്റർ പുതുക്കൽ ലൈബ്രറി പ്രവർത്തനസജ്ജമാക്കൽ ഗ്രന്ഥശാല ഇൻചാർജ്

ജൂലൈ

വായനാസ്വാദനം ഉണർത്തൽ ക്ലാസുകൾക്ക് വായനാ സമയം അനുവദിക്കൽ, പാഠഭാഗം അടിസ്ഥാനമാക്കിയുള്ള വായന കുട്ടികൾക്ക് വായനാരുചി വളർത്തൽ അധ്യാപകരും ലൈബ്രറിയും

ഓഗസ്റ്റ് പുസ്തക സമാഹാര വികസനം പുതിയ പുസ്തകങ്ങൾ ശേഖരിക്കൽ, വിദ്യാർഥികളുടെ ശുപാർശ തേടൽ പ്രസക്തമായ പുസ്തകങ്ങൾ ലൈബ്രറിയിൽ ഉൾപ്പെടുത്തൽ പ്രിൻസിപ്പൽ, PTA

സെപ്റ്റംബർ

വായനാക്യാമ്പയിനുകൾ സംഘടിപ്പിക്കൽ വായനാവാരം, പുസ്തകപ്രദർശനം, 'ബുക്ക് റിവ്യൂ' മത്സരം വായനാശീല വർധിപ്പിക്കൽ ലൈബ്രറി ക്ലബ്

ഒക്ടോബർ

സംവേദനസാധ്യത വർദ്ധിപ്പിക്കൽ എഴുത്തുകാരുമായി സംവാദം, പുസ്തക ചർച്ചകൾ ഭാഷയും സംവേദനശേഷിയും മെച്ചപ്പെടൽ ഭാഷാദ്ധ്യാപകർ

നവംബർ

ഡിജിറ്റൽ ലൈബ്രറിയിലേക്ക് തുടക്കം ഇ-ബുക്ക് ആക്സസ്സ്, ഓൺലൈൻ വായന പ്ലാറ്റ്ഫോമുകൾ പരിചയപ്പെടുത്തൽ ഡിജിറ്റൽ പഠനശേഷി വികസനം ഐ.ടി ടീം, ലൈബ്രറി

ഡിസംബർ

പുസ്തകപരിശോധനയും വായനാ നിരീക്ഷണവും വായിച്ച പുസ്തകങ്ങളുടെ രേഖ, ചാർട്ടുകൾ ഒരുക്കൽ തുടർച്ചയായ വായനാനിരീക്ഷണം ക്ലാസ് ടീച്ചർമാർ

ജനുവരി

ലൈബ്രറി ക്യുറൈവെറ്റ്സ് മത്സരങ്ങൾ പുസ്തകവാക്യങ്ങൾ തിരിച്ചറിയൽ, ക്വിസ്, കഥാകാര്യങ്ങൾ രസകരമായ വായനാപരിചയം ലൈബ്രറി ക്ലബ്

ഫെബ്രുവരി

സൃഷ്ടിപരമായ എഴുത്ത് പ്രോത്സാഹനം   കഥയെഴുത്ത്, കവിത, പുസ്തകസംക്ഷേപം   എഴുത്താശേഷി വളർത്തൽ  ഭാഷാദ്ധ്യാപകർ
മാർച്ച്   സംക്ഷിപ്ത അവലോകനം   പുസ്തകവായന റിപ്പോർട്ട്, മികച്ച വായനക്കാരെ ആദരിക്കൽ   വാർഷിക സംഗ്രഹവും അംഗീകാരവുമാകുന്നു   ലൈബ്രറിയും പ്രധാനാധ്യാപകനുനും

## അക്കാദമിക് മാസ്റ്റർപ്ലാൻ - ലൈബ്രറി വികസനം

മാസം/ഘട്ടം   ലക്ഷ്യം / ആസൂത്രണം   പ്രവർത്തനങ്ങൾ   പ്രതീക്ഷിച്ച ഫലങ്ങൾ   ഉത്തരവാദിത്തം

ജൂൺ

ലൈബ്രറി പ്രവൃത്തി പുനരാരംഭം   പുസ്തകങ്ങളുടെ പരിശോധന, ഡാമേജ് ചെയ്തത് മാറ്റം, രജിസ്റ്റർ പുതുക്കൽ   ലൈബ്രറി പ്രവർത്തനസജ്ജമാക്കൽ   ഗ്രന്ഥശാല ഇൻചാർജ്

ജൂലൈ

വായനാസ്വാദനം ഉണർത്തൽ   ക്ലാസുകൾക്ക് വായനാ സമയം അനുവദിക്കൽ, പാഠഭാഗം അടിസ്ഥാനമാക്കിയുള്ള വായന   കുട്ടികൾക്ക് വായനാരുചി വളർത്തൽ   അധ്യാപകരും ലൈബ്രറിയും

ഓഗസ്റ്റ്

പുസ്തക സമാഹാര വികസനം   പുതിയ പുസ്തകങ്ങൾ ശേഖരിക്കൽ, വിദ്യാർഥികളുടെ ശുപാർശ തേടൽ   പ്രസക്തമായ പുസ്തകങ്ങൾ ലൈബ്രറിയിൽ ഉൾപ്പെടുത്തൽ   പ്രിൻസിപ്പൽ, PTA

സെപ്റ്റംബർ

വായനാക്യാമ്പയിനുകൾ സംഘടിപ്പിക്കൽ   വായനാവാരം, പുസ്തകപ്രദർശനം, 'ബുക്ക് റിവ്യൂ' മത്സരം   വായനാശീല വർധിപ്പിക്കൽ   ലൈബ്രറി ക്ലബ്

ഒക്ടോബർ

സംവേദനസാധ്യത വർദ്ധിപ്പിക്കൽ   എഴുത്തുകാരുമായി സംവാദം, പുസ്തക ചർച്ചകൾ   ഭാഷയും സംവേദനശേഷിയും മെച്ചപ്പെടൽ   ഭാഷാദ്ധ്യാപകർ

നവംബർ

ഡിജിറ്റൽ ലൈബ്രറിയിലേക്ക് തുടക്കം   ഇ-ബുക്ക് ആക്സസ്സ്, ഓൺലൈൻ വായന പ്ലാറ്റ്ഫോമുകൾ പരിചയപ്പെടുത്തൽ   ഡിജിറ്റൽ പഠനശേഷി വികസനം   ഐ.ടി ടീം, ലൈബ്രറി

ഡിസംബർ

പുസ്തകപരിശോധനയും വായനാ നിരീക്ഷണവും വായിച്ച പുസ്തകങ്ങളുടെ രേഖ. ചാർട്ടുകൾ ഒരുക്കൽ തുടർച്ചയായ വായനാനിരീക്ഷണം ക്ലാസ് ടീച്ചർമാർ

ജനുവരി

ലൈബ്രറി ക്യുറൈറ്റ്സ് മത്സരങ്ങൾ പുസ്തകവാക്യങ്ങൾ തിരിച്ചറിയൽ, ക്വിസ്, കഥാകാര്യങ്ങൾ രസകരമായ വായനാപരിചയം ലൈബ്രറി ക്ലബ്

ഫെബ്രുവരി

സൃഷ്ടിപരമായ എഴുത്ത് പ്രോത്സാഹനം കഥയെഴുത്ത്, കവിത, പുസ്തകസംക്ഷേപം എഴുത്താശേഷി വളർത്തൽ ഭാഷാദ്ധ്യാപകർ
മാർച്ച് സംക്ഷിപ്ത അവലോകനം പുസ്തകവായന റിപ്പോർട്ട്, മികച്ച വായനക്കാരെ ആദരിക്കൽ വാർഷിക സംഗ്രഹവും അംഗീകാരവുമാകുന്നു ലൈബ്രറിയും പ്രധാനാധ്യാപകനും

---

അക്കാദമിക് മാസ്റ്റർപ്ലാൻ – മിനി റോബോട്ടിന്റെ സഹായത്തോടെ ഇംഗ്ലീഷ് പഠനം

മാസം ലക്ഷ്യം / ആസൂത്രണം പ്രവർത്തനങ്ങൾ പ്രതീക്ഷിച്ച ഫലങ്ങൾ ഉത്തരവാദിത്വം

ജൂൺ റോബോട്ടിന്റെ സഹായത്തോടെ പഠനം തുടങ്ങുക മിനി റോബോട്ടിന്റെ പരിചയവും, ഇംഗ്ലീഷിലൂടെയുള്ള ഡെമോ സാങ്കേതികമാധ്യമത്തിലൂടെ ഇംഗ്ലീഷ് പഠനത്തിൽ താല്പര്യം ഇംഗ്ലീഷ് അധ്യാപകൻ, ഐ.ടി ക്ലബ് ഇൻചാർജ്
ജൂലൈ നൂതന വാക്കുകൾ ഉൾക്കൊള്ളുക റോബോട്ട് വാക്കുകൾ പറയും – വിദ്യാർത്ഥികൾ ആവർത്തിക്കും, സ്പെല്ലിങ് ഗെയിമുകൾ നൂതന വാക്കുകളുടെ അറിവ്, ഉച്ചാരണമികവ് ഇംഗ്ലീഷ് അധ്യാപകൻ
ഓഗസ്റ്റ് വാക്യ നിർമ്മാണ നൈപുണ്യം റോബോട്ടിന്റെ സഹായത്തോടെ വാക്യങ്ങളുണ്ടാക്കൽ, ജംബിൾഡ് സെന്റൻസ് വാക്യഘടനയിലേക്കുള്ള ധാരണ ഇംഗ്ലീഷ് അധ്യാപകൻ, റൊബോട്ട് കോ-ഓർഡിനേറ്റർ
സെപ്റ്റംബർ കേൾവിനൈപുണ്യം വളർത്തുക റോബോട്ട് ചെറുകഥകൾ വായിക്കും – ചോദ്യം ഉത്തരം കേൾവിയിലൂടെയുള്ള മനസ്സിലാക്കൽ ഇംഗ്ലീഷ് അധ്യാപകൻ
ഒക്ടോബർ സംസാരപ്രവൃത്തി മെച്ചപ്പെടുത്തുക റോബോട്ടിനൊപ്പം ഡയലോഗ് – പരിചയം, ആത്മവിവരണം, ഭാവം പ്രകടനം ആത്മവിശ്വാസമുള്ള സംഭാഷണശൈലി ഇംഗ്ലീഷ് അധ്യാപകൻ, ഐ.ടി സഹായം
നവംബർ വ്യാകരണ ധാരണ മെച്ചപ്പെടുത്തുക റൊബോട്ട് ടെൻസുകൾ, ആർട്ടിക്കിൾ, പ്രിപൊസിഷൻ എന്നിവയിൽ ക്വിസ് നടത്തും വ്യാകരണപരിചയം കൂടുതൽ ആഴത്തിൽ ഇംഗ്ലീഷ് അധ്യാപകൻ
ഡിസംബർ കഥപറയൽ, സൃഷ്ടിപരത വളർത്തുക വിദ്യാർത്ഥികൾ

റോബോട്ടിന് കഥകൾ കോഡ് ചെയ്യും സൃഷ്ടിപരതയും കഥാരചനശേഷിയും ഇംഗ്ലീഷ് അധ്യാപകൻ, ഐ.ടി ടീച്ചർ
ജനുവരി സംഭാഷണ റോള്‍പ്ലേ പരിശീലനം ഷോപ്പ്, മാർക്കറ്റ് തുടങ്ങിയ സിമുലേഷൻ സംഭാഷണങ്ങൾ റോബോട്ടിനൊപ്പം നടത്തുക യാഥാർത്ഥ്യജീവിത സംഭാഷണങ്ങൾ അഭ്യസിക്കാം ഇംഗ്ലീഷ് അധ്യാപകൻ
ഫെബ്രുവരി വൈകാരിക വായന പരിശീലനം റോബോട്ട് ഇന്റൊണേഷനോടൊപ്പം വായിക്കും – വിദ്യാർത്ഥികൾ അനുകരിക്കും വായനാശൈലി മെച്ചപ്പെടുകയും ഉചിതമായ ശബ്ദചലനം ലഭിക്കുകയും ചെയ്യും ഇംഗ്ലീഷ് അധ്യാപകൻ
മാർച്ച് മൂല്യനിർണ്ണയം, പ്രകടനം ഇംഗ്ലീഷ് ക്വിസ്, വിദ്യാർത്ഥികൾ റോബോട്ടിനൊപ്പം ഇംഗ്ലീഷ് ആക്ടിവിറ്റികൾ അവതരിപ്പിക്കും പഠനത്തിന്റെയും പ്രദർശനത്തിന്റെയും വിലയിരുത്തൽ ഇംഗ്ലീഷ് അധ്യാപകൻ, ഹെഡ്മാസ്റ്റർ, ഐ.ടി ടീം

---

## അക്കാദമിക് മാസ്റ്റർപ്ലാൻ – അവധിക്കാല ക്യാമ്പ്

ദിവസം/ഘട്ടം ലക്ഷ്യം / ആസൂത്രണം പ്രവർത്തനങ്ങൾ പ്രതീക്ഷിച്ച ഫലങ്ങൾ ഉത്തരവാദിത്വം

ദിവസം 1 ക്യാമ്പ് ഉദ്ഘാടനവും പരിചയപരിചയം ഉദ്ഘാടനം, ഇസ് ഐസ് ബ്രേക്കിങ്ങ് ഗെയിമുകൾ, സെൽഫ് ഇന്‍ട്രഡക്ഷൻ കൂട്ടായ്മ ചിന്തയും ആത്മവിശ്വാസവുമുള്ള തുടക്കം അധ്യാപകർ, ക്യാമ്പ് കോർഡിനേറ്റർ
ദിവസം 2 വ്യക്തിത്വ വികസനം സമൂഹവിലാസം, നൈതികകഥകൾ, മോറൽ ഡ്രama നല്ല രീതികൾ, സാമൂഹിക മൂല്യങ്ങൾ ഭാഷ/സാമൂഹിക ശാസ്ത്ര അധ്യാപകർ
ദിവസം 3 കലയുടെയും സാഹിത്യത്തിന്റെയും പരിചയം കവിത വായന, ചിത്രരചന, സംഗീതം, കഥപറയൽ സൃഷ്ടിപരതയും അഭിവ്യക്തി ശേഷിയും ആർട്ട്, മ്യൂസിക്, ഭാഷാ അധ്യാപകർ
ദിവസം 4 ശാസ്ത്ര-ഗണിത വിജ്ഞാന പുരോഗതി സയൻസ് എക്സ്പെരിമെന്റുകൾ, ഗണിത ഗെയിമുകൾ, ക്വിസ് ശാസ്ത്രീയ ചിന്താശൈലി, ലളിത ഗണിതബോധം സയൻസ്/ഗണിത അധ്യാപകർ
ദിവസം 5 കായികശേഷി വികസനം യോഗ, ഗ്രൂപ്പ് ഗെയിമുകൾ, സ്റ്റേഷനറി ആക്ടിവിറ്റികൾ ആരോഗ്യപരമായ ശീലങ്ങൾ, സഹകരണശൈലി കായിക അധ്യാപകൻ
ദിവസം 6 പരിസ്ഥിതി ബോധവത്കരണം പ്ലാന്റിംഗ്, ശുചിത്വ പ്രവർത്തനങ്ങൾ, പ്രകൃതി യാത്ര പരിസ്ഥിതിയോടുള്ള സഹജീവിതബോധം EVS അധ്യാപകൻ

ദിവസം 7 ജീവിതനൈപുണ്യങ്ങൾ ലൈഫ് സ്കിൽ സെഷനുകൾ – ആദ്യചികിത്സ, സംവേദനശൈലി, ക്രമശിക്ഷ ജീവിതചെയ്യൽ കഴിവുകൾ ക്യാമ്പ് കോർഡിനേറ്റർ, അതിഥികൾ
ദിവസം 8 സംവേദനാത്മക പ്രകടനം ടീം അവതരണങ്ങൾ, നാടകം, ഗാനമേള, ഗ്രൂപ്പ് പ്രൊജക്ടുകൾ പങ്കാളിത്തം, തന്മയത്വം, സൃഷ്ടിപരമായ പ്രകടനം എല്ലാ അധ്യാപകരും
ദിവസം 9 ക്യാമ്പ് വിലയിരുത്തലും ഉപസംഹാരവും ക്യാമ്പ് റിവ്യൂ, ഫീഡ്ബാക്ക്, സർട്ടിഫിക്കറ്റ് വിതരണം പഠനം, ആസ്വാദനം, പ്രകടനം സംയോജിപ്പിച്ച സമാപനം ഹെഡ്മാസ്റ്റർ, ടീം ലീഡർമാർ

# അക്കാദമിക് മാസ്റ്റർപ്ലാൻ – കരാട്ടെ പരിശീലനം

മാസം ലക്ഷ്യം / ആസൂത്രണം പ്രവർത്തനങ്ങൾ പ്രതീക്ഷിച്ച ഫലങ്ങൾ ഉത്തരവാദിത്വം

ജൂൺ
കരാട്ടെ ക്ലാസ് ആരംഭിക്കൽ, താത്പര്യ സമാഹരണം താൽപ്പര്യമുള്ള കുട്ടികളെ തിരഞ്ഞെടുക്കൽ, അടിസ്ഥാന പാടവം പരിശോധിക്കൽ പരിശീലനത്തിന് ഉതകുന്ന വിദ്യാർത്ഥികളെ കണ്ടെത്തൽ കരാട്ടെ പരിശീലകൻ, കായിക അധ്യാപകൻ

ജൂലൈ

അടിസ്ഥാന നിലയുടെ പരിശീലനം ആരംഭിക്കുക വരമ്പ്, സ്റ്റാൻസ്, ബ്ലോക്ക്, മോട്ടോ പഠനം കൃത്യമായ നിലപാടുകളും ഏകാഗ്രതയും

കരാട്ടെ പരിശീലകൻ

ഓഗസ്റ്റ്

കിഹോൺ (മൂലഘടകങ്ങൾ) പരിശീലനം പഞ്ച്, കിക്ക്, ബ്ലോക്ക് എന്നിവയുടെ ആവർത്തനപരിശീലനം ശരീരവശീകരണം, ആത്മനിയന്ത്രണം പരിശീലകൻ

സെപ്റ്റംബർ
കത (Kata) – ആദ്യ ഘട്ടം കതയുടെ അടിസ്ഥാനചലനങ്ങൾ പഠിക്കൽ, ശ്രദ്ധയും താളവും അനുസരണം,

ഫോകസ് പരിശീലകൻ

ഒക്ടോബർ
കുമിതെ (കൂടിയുള്ള പോരാട്ടം) – തുടക്കം സുരക്ഷിതമായി കൂട്ടായി പരിശീലനം നടത്തൽ സങ്കൽപ്പങ്ങളും തന്ത്രങ്ങളും അറിവ് പരിശീലകൻ

നവംബർ
കരാട്ടെയും മൂല്യപാഠങ്ങളും ശീലങ്ങൾ, ആത്മസംയമനം, ആദരവ് തുടങ്ങിയ വിഷയങ്ങൾ പങ്കുവെക്കൽ മാനസിക വളർച്ച, സ്പോർട്സ്മാൻ സ്പിരിറ്റ് പരിശീലകൻ, അധ്യാപകർ

ഡിസംബർ

ഇടക്കാല പ്രകടനം / മൂല്യനിർണ്ണയം ഡെമോ ക്ലാസ്, മുതിർന്നവർക്ക് മുന്നിലുള്ള പ്രകടനം ആത്മവിശ്വാസം, പ്രകടനശൈലി പരിശീലകൻ

ജനുവരി

അഭ്യസിച്ച രൂപങ്ങൾ സമ്പൂർണ്ണമാക്കൽ കത, കുമിതെ എന്നിവയുടെ മെച്ചപ്പെട്ട പ്രാക്ടീസ് കൃത്യത, താളം, ക്രമശീലങ്ങൾ പരിശീലകൻ

ഫെബ്രുവരി

ബെൽറ്റ് പരീക്ഷയ്ക്ക് ഒരുക്കം വിധികളനുസരിച്ച് പ്രകടനം, അഭ്യാസങ്ങൾ ഉന്നത നിലവാരത്തിലേക്ക് വളർച്ച പരിശീലകൻ

മാർച്ച്
ബെൽറ്റ് പരീക്ഷയും അവലോകനവും ഗ്രേഡിംഗ്, സർട്ടിഫിക്കറ്റ് വിതരണം, ഫീഡ്ബാക്ക് ശേഖരണം നേട്ടങ്ങളുടെയും താത്പര്യങ്ങളുടെയും വിലയിരുത്തൽ പരിശീലകൻ, ഹെഡ്മാസ്റ്റർ

---

## അക്കാദമിക് മാസ്റ്റർപ്ലാൻ – മിനി തിയറ്റർ (സ്കൂൾ തലത്തിൽ)

മാസം ലക്ഷ്യം / ആസൂത്രണം പ്രവർത്തനങ്ങൾ പ്രതീക്ഷിച്ച ഫലങ്ങൾ ഉത്തരവാദിത്വം

ജൂൺ
മിനി തിയറ്ററിന്റെ പരിചയം, ടീം രൂപീകരണം തിയറ്ററിന്റെ ലക്ഷ്യങ്ങൾ അവതരിപ്പിക്കൽ, താത്പര്യമുള്ള വിദ്യാർത്ഥികളെ തിരഞ്ഞെടുക്കൽ കലാരുചി വളർത്തൽ, ടീമർക്ക് ആരംഭിക്കൽ

ഭാഷാ അധ്യാപകൻ, ക്ലാസ് അധ്യാപകൻ

ജൂലൈ അഭിനയപരിചയം തുടങ്ങുക മുഖഭാവങ്ങൾ, ശബ്ദാഭിനയം, ഹ്രസ്വ രംഗങ്ങൾ പരിശീലിക്കൽ ആത്മവിശ്വാസം, പ്രകടനക്ഷമത തിയറ്റർ

ക്ലബ് ഇൻചാർജ്

ഓഗസ്റ്റ്
നാടകപരിചയം ചെറുനാടകങ്ങൾ/ഡയലോഗുകൾ അഭ്യാസം ചെയ്യുക ഭാഷാ പരിചയവും അവതരണശൈലിയുടെയും വളർച്ച

ഭാഷാ അധ്യാപകൻ, ക്ലബ് അംഗങ്ങൾ

സെപ്റ്റംബർ
സ്കിറ്റ് / ഹ്രസ്വ നാടകസംവിധാനം സ്കിറ്റ് തിരഞ്ഞെടുത്ത് പങ്കുവെക്കൽ, സംഭാഷണങ്ങൾ ചൊല്ലൽ അവതരണതുറ, പങ്കാളിത്തം

ക്ലാസ് അധ്യാപകൻ, തിയറ്റർ ടീം

ഒക്ടോബർ

ആശയപരമായ നാടകങ്ങൾ ഒരുക്കൽ സാമൂഹിക വിഷയങ്ങൾ അടിസ്ഥാനമാക്കി സ്കിറ്റ് സൃഷ്ടിക്കൽ ചിന്താശേഷി, സാമൂഹികബോധം അധ്യാപക സംഘം

നവംബർ
സ്കൂൾ തുറന്നവേദി ഒരുക്കം അസംബ്ലി അവതരണങ്ങൾ, കലാസന്ധ്യയിലെ പ്രകടനങ്ങൾ പൊതുവേദിയിൽ സംസാര ക്ഷമത, സെൽഫ് എസ്റ്റീം

ഹെഡ്മാസ്റ്റർ, ക്ലബ് ടീം

ഡിസംബർ
സംവേദനപൂർണ്ണ ആക്ടിംഗ് പരിശീലനം ഭാവവ്യക്തീകരണം, ശാരീരിക ഭാവം, ഗ്രൂപ്പ് തിയറ്റർ സഹകരണശീലം, മാനസിക ജാഗ്രത ക്ലബ് ഇൻചാർജ്

ജനുവരി

അന്തർവിഷയ പ്രവർത്തനങ്ങൾ ഭാഷ, സാമൂഹ്യശാസ്ത്രം, പരിസ്ഥിതി വിഷയങ്ങളുമായി നാടകങ്ങൾ ബന്ധിപ്പിക്കൽ ഇന്റഗ്രേറ്റഡ് ലേണിംഗ് – ഒരു വിഷയത്തിൽ നിന്നും മറ്റൊന്നിലേയ്ക്ക്

വിഷയാധ്യാപകർ, തിയറ്റർ ക്ലബ്

ഫെബ്രുവരി
ഫൈനൽ അവതരണങ്ങൾക്ക് ഒരുക്കം സ്കൂൾ വാർഷികാഘോഷത്തിനുള്ള നാടകപരിശീലനം സാങ്കേതിക മികവുള്ള അവതരണം ക്ലബ് ടീം, അധ്യാപകർ

മാർച്ച്
അവലോകനം, ഡോക്യുമെന്റേഷൻ പ്രകടനങ്ങളുടെ വീഡിയോ, ചിത്രങ്ങൾ, വിദ്യാർത്ഥി അഭിപ്രായങ്ങൾ ശേഖരിക്കൽ അനുഭവാധിഷ്ഠിത പഠനത്തിന്റെ ആധികാരിക രേഖപ്പെടുത്തൽ ക്ലബ് കോ-ഓർഡിനേറ്റർ, അധ്യാപകർ

---

## അക്കാദമിക് മാസ്റ്റർപ്ലാൻ – ടർഫിന്റെ ഉപയോഗം

മാസം/ഘട്ടം ലക്ഷ്യം / ആസൂത്രണം പ്രവർത്തനങ്ങൾ പ്രതീക്ഷിച്ച ഫലങ്ങൾ ഉത്തരവാദിത്വം

ജൂൺ
ടർഫ് തയ്യാറാക്കൽ, സമയക്രമം നിശ്ചയിക്കൽ ടൈംടേബിൾ തയാറാക്കൽ, ക്ലാസുകൾക്ക് പ്രത്യേക സമയം നൽകൽ കായികപ്രവർത്തനങ്ങൾക്ക് സമന്വയസമയക്രമം കായികാധ്യാപകനും ഹെഡ്മാസ്റ്ററും

ജൂലൈ

ക്ലാസുകൾക്കായി ആഴ്ചവാര വ്യായാമം ആരംഭിക്കൽ ക്ലാസ് തലത്തിൽ പ്രാഥമിക ഫിറ്റ്നസ് പരിശീലനങ്ങൾ ശരീരവികസനം, ഉത്സാഹം, ആരോഗ്യപൂർണ്ണ ശീലങ്ങൾ കായികാധ്യാപകൻ
ഓഗസ്റ്റ് ടീമുകൾ തിരഞ്ഞെടുക്കൽ ഫുട്ബോൾ, കബഡി, വോളിബോൾ ടീമുകൾ രൂപീകരിക്കൽ കായികപാടവമുള്ള കുട്ടികളെ തിരിച്ചറിയൽ കായികവിഭാഗം

സെപ്റ്റംബർ
ഇടക്കാല മത്സരങ്ങൾ ക്ലാസ്-വൈസ് മിനി ടൂർണ്ണമെന്റുകൾ, പരിശീലന മത്സരം മത്സരാനുഭവം, ടീംസ്പിരിറ്റ് ക്ലാസ് അധ്യാപകർ, പി.ഇ.ടി

ഒക്ടോബർ
പ്രധാന കായികമേളയ്ക്ക് ഒരുക്കം ടൂർണ്ണമെന്റിനായുള്ള പരിശീലനം, ടാലന്റ് ഹണ്ടിങ് സ്കൂൾ പ്രതിനിധികൾ ഒരുക്കം കായികാധ്യാപകൻ

നവംബർ
വാർഷിക കായികമേള അത്‌ലറ്റിക് മത്സരങ്ങൾ, ഗ്രൂപ്പ് ഗെയിംസ് പങ്കാളിത്തം, സഹകരണശീലങ്ങൾ സ്കൂൾ കായികസമിതി

ഡിസംബർ
സൗഹൃദ വിനോദപ്രവൃത്തികൾ   ടർഫ് ഉപയോഗിച്ച് ശാരീരിക കായിക
ക്രീഡകളൊഴിച്ചുള്ള ഗ്രൂപ്പ് ആക്ടിവിറ്റികൾ   മാനസിക ഉല്ലാസം,
ആശയവിനിമയം   ക്ലാസ് അധ്യാപകർ

ജനുവരി

വിഭാഗതല മത്സരങ്ങൾ  ഹൗസ് വൈസ് ഗെയിംസ് – ഫുട്ബോൾ, ഷട്ടിൽ
തുടങ്ങിയവ   ഹൗസ് സ്പിരിറ്റ്, ലീഡർഷിപ്പ്  കായികവിഭാഗം

ഫെബ്രുവരി
ഗെയിംസ് ആധാരിത പഠനപരിപാടികൾ മാത്സ് / സയൻസ് ആക്ടിവിറ്റികൾ
ടർഫ് പ്ലാറ്റ്ഫോമിൽ നടത്തൽ   അധ്യയനം-മാനസിക-ശാരീരിക
സംവേദനം വിഷയ അധ്യാപകർ

മാർച്ച്

വാർഷിക അവലോകനം   പങ്കെടുത്ത ക്ലാസുകൾ, വിജയികൾ,
അനുഭവങ്ങൾ രേഖപ്പെടുത്തൽ   വിലയിരുത്തലുകൾ, പുനർആസൂത്രണം
ഹെഡ്മാസ്റ്റർ, കായിക അധ്യാപകൻ

# ഉപസംഹാരം

സർക്കാർ നടപ്പാക്കികൊണ്ടിരിക്കുന്ന പൊതു വിദ്യാഭ്യാസ പ്രവർത്തനത്തിന്റെ ഫലമായി സംസ്ഥാനത്തെ മുഴുവൻ പൊതുവിദ്യാലയങ്ങളോടൊപ്പം ഞങ്ങളുടെ വിദ്യാലയവും മികവിന്റെ പാതയിലാണ്. സാമൂഹിക പങ്കാളിത്തത്തോടെ സ്കൂൾ മികവിന്റെ കേന്ദ്രങ്ങളായി കൊണ്ടിരിക്കുകയാണ്.

അക്കാദമികമായി ഒരുപാട് പ്രവർത്തനങ്ങൾ ഞങ്ങളുടെ സ്കൂളിൽ ആവിഷ്കരിച്ചിട്ടുണ്ട്. മലയാളത്തിളക്കം, സുമേധ, ശ്രദ്ധ എന്നിവ അതിൽ ചിലത് മാത്രം കൂടാതെ കലാപരമായും കായികവുമായ ബന്ധപ്പെട്ട ഉപജില്ലാതലത്തിലും ജില്ലാതലത്തിലും മികച്ച പ്രകടനമാണ് കുട്ടികൾ കാഴ്ചവയ്ക്കുന്നത്. ഇവർക്ക് വേണ്ട പരിശീലനങ്ങളും മറ്റും ടീച്ചർമാരും പിടിഎയുടെ ശക്തമായ പിന്തുണയും ഉള്ളതിനാൽ സുഗമമായി നടന്നു പോകുന്നു.

കൂടാതെ ഗവൺമെന്റിന്റെ മികച്ച പിന്തുണയോടെയും ശക്തമായ പ്രവർത്തനങ്ങളിലൂടെയും അറിവിന്റെ ഉന്നത കേന്ദ്രങ്ങളായി ഞങ്ങളുടെ പ്രദേശവും വിദ്യാലയവും ഉയർന്നുവരുന്നു. മികവിന്റെ ഉന്നതിയിൽ എത്തിക്കാൻ ഓരോ അധ്യാപകരും സ്കൂളുമായി ബന്ധമുള്ള ഓരോരുത്തരും പ്രയത്നിക്കുന്നു.